**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.8144 17.07.2014-ൽ മറുപടിയ്ക്ക്

**തരൂർ മണ്ഡലത്തിലെ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടനിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ. കെ. ബാലൻ** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | തരൂർ മണ്ഡലത്തിലെ പഴമ്പാലക്കോട് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിട നിർമ്മാണ നടപടികൾ ഏതുവരെയായെന്ന് വിശദമാക്കുമോ; | (എ) | പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല. |
| (ബി) | കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലം ഗ്രാമപഞ്ചായത്ത് ആരോഗ്യവകുപ്പിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏതുവരെയായെന്ന് വിശദമാക്കുമോ; | (ബി) | ഉണ്ട്. 20/06/2014-ന് തരൂർ ഗ്രാമപഞ്ചായത്തിൽ നിന്നും ആരോഗ്യവകുപ്പിന് സ്ഥലം കൈമാറിയിട്ടുണ്ട്. |
| (സി) | കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചത്; | (സി) | ഉണ്ട്. ഉത്തരവ് നം.ജി.ഒ(ആർ.റ്റി) 3600/2013/എച്ച്.എഫ്.ഡബ്ല്യു തീയതി 25/10/2013 പ്രകാരം 375 ലക്ഷം രൂപയാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. |
| (ഡി) | ഇല്ലെങ്കിൽ ഇത് സംബന്ധിച്ച എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയത് ഏത് ഏജൻസിയാണ്; വിശദാംശങ്ങൾ നൽകുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ